## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 2259** **11.03.2020-ൽ മറുപടിക്ക്**

### ഏറനാട് മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

ചോദ്യം
ശ്രീ.പി.കെ.ബഷീർ :

മറുപടി
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് എവിടെയെല്ലാമാണ് പുതിയ ടൂറിസം പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ തീരുമാനം എടുത്തിട്ടുള്ളത്; വിശദമാക്കുമോ; | എ) | കേരള ഡെസ്റ്റിനേഷൻ സ്കീമിലൂടെ തിരഞ്ഞെടുത്തിട്ടുള്ള കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യം ഉറപ്പാക്കുന്നതിനായി പുതിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തിയും പുതിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ബി) | ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം ടൂറിസം സാധ്യതകളാണ് സർക്കാർ കണ്ടെത്തിയിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ; | ബി) | ഏറനാട് മണ്ഡലത്തിൽ കുറുമ്പായിക്കോട്ട, ആഢ്യൻപാറ ഫേസ് -2 എന്നീ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഡി.റ്റി.പി.സി മുഖേന സ്വീകരിച്ചു വരുന്നു. |
| സി)<br><br><br><br><br><br>ഡി) | കീഴുപറമ്പ് ഗ്രാമപഞ്ചായത്തിലെ മുറിഞ്ഞമാട് ചാലിയാർ റിവർ സൈഡ് ടൂറിസം പ്രോജക്ട് എന്ന പേരിൽ ഒരു പദ്ധതിക്കായി ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ;<br><br>എങ്കിൽ പദ്ധതി നടപ്പിലാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | സി) & ഡി) | കീഴുപറമ്പ് ഗ്രാമപഞ്ചായത്ത് ടൂറിസം പദ്ധതി തയ്യാറാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള മുറിഞ്ഞമാട് പ്രദേശത്തെ 24.13 ഏക്കർ ഭൂമിയുടെ രേഖകൾ പരിശോധിച്ചതിൽ നിന്ന് പ്രസ്തുത സ്ഥലം മാക്സിമം ഫ്ളഡ് ലെവലിന് താഴെ വരുന്നതിനാലും പുഴയോട് ചേർന്നുള്ള സ്ഥലമായതിനാലും നിർമ്മാണ പ്രവർത്തികൾക്ക് അനുയോജ്യമല്ല. എന്നാൽ ഈ പ്രദേശം ധാരാളം സഞ്ചാരികളെ ആകർഷിക്കുന്നതിനാൽ പുഴയോട് ചേർന്നുള്ള 1.61 ഏക്കർ സ്ഥലം ലഭിക്കുകയാണെങ്കിൽ സഞ്ചാരികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുവാൻ സാധിക്കും. ആയതിനാൽ പ്രസ്തുത സ്ഥലം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും സ്ഥലം ടൂറിസം വകുപ്പിന് കൈമാറുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് കീഴുപറമ്പ് ഗ്രാമ പഞ്ചായത്തിന് ഡി.റ്റി.പി.സി യിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി |

| | | | |
|---|---|---|---|
| | | | പ്രത്യേകം ഫണ്ട ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ പൊതുവായ ടൂറിസം വികസനത്തിനായി ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. |
| ഇ) | ഈ സർക്കാർ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം ടൂറിസം പദ്ധതികൾക്കാണ് പണം അനുവദിച്ചിട്ടുള്ളതെന്നും എന്തെല്ലാം പദ്ധതികളാണ് ഇത്തരത്തിൽ പൂർത്തീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | ഇ) | ഈ സർക്കാർ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിലെ ടൂറിസം പദ്ധതികൾക്ക് പണം അനുവദിച്ചിട്ടില്ല. |
| എഫ്) | മലപ്പുറം ജില്ലയിൽ മറ്റേതെല്ലാം ടൂറിസം പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണ്; വെളിപ്പെടുത്തുമോ? | എഫ്) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ അനുമതി നൽകിയിട്ടുള്ള ടൂറിസം പദ്ധതികളുടെ പേരും, അനുവദിച്ച തുകയും അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**Department of Tourism , Govt Of Kerala**
**Tourism Projects Sanctioned in Malappuram District During this Ministry**

| | Name of Project | AS Amount |
|---|---|---|
| 1 | Upgradation of basic facilities and infrastructure development at Padinjarekkara Beach | 4300000 |
| 2 | Urgent Maintainance and repairs works at the existing TIC at District Office Malappuram | 990000 |
| 3 | Puzhayora Snehapatha at Chamravattom in Malappuram | 13600000 |
| 4 | Poonthanam Samskarika Nilayam Phase II | 9000000 |
| 5 | Urgent repair work, Maintenance and 3 year annual maintenance of Government Guest House, Malappuram | 3500000 |
| 6 | Renovation of old Biyyam Bridge - Providing Childrens play equipment and Garden Beaches to the park | 1600000 |
| 7 | Development of Cultural Centre at Chamravattam Reservoir Project area at Ponnani in Malappuram District | 16000000 |
| 8 | Puzhayora Snehapatha at Chamravattam Malappuram, Phase II | 10000000 |
| 9 | Revitalization of Biyyam Kayal at Ponnani in Malappuram District | 10900000 |
| 10 | Ponnani Tourism Triangle -Karma Road Beautification in Malappuram | 40000000 |
| 11 | Barrier-free Kerala Tourism - Malappuram District | 9557000 |
| 12 | Green Carpet - Maintenance and Beautification of Kottakkunnu, Malappuram | 9965511 |
| 13 | Construction of Chamravattom - Nila Heritage Museum, Ponnani | 35600000 |
| 14 | Revitalization of Nilayoram Park | 30000000 |
| 15 | Ponnani Tourism Triangle -Karma Road Beautification in Malappuram-Revised AS | 40000000 |
| 16 | Swadesh Darshan - Development of Spiritual Circuit - Cluster III - Malappuram District | 6970848 |
| 17 | Development of Sunset Beach Park, Padinjarekkara, Malappuram | 20000000 |
| 18 | Mamankom - Chaverthara Heritage Tourism Project at Thirumandhamkunnu, Angadipuram | 15000000 |
| 19 | Revitalization of Thunchan Memorial Trust and Research Centre, Tirur - Revised AS | 20000000 |
| 20 | Solar Light Installations at Various Tourist Destinations in Ponnani | 6378911 |
| 21 | Waste Management Project at 79 Tourism Destinations, under PROJECT GREEN GRASS (2019-20) - MALAPPURAM (04) | 2427432 |
| | **Total** | **30,57,89,702** |

സെക്ഷൻ ഓഫീസർ



7/3/2020.